# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3022

10.03.2017 ൽ
മറുപടിയ്ക്ക്

## ലാന്റ് ട്രൈബ്യൂണലുകൾ

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൈവശത്തിലുള്ള ഭൂമിയുടെ പട്ടയത്തിനായി വർഷങ്ങളോളം ലാന്റ് ട്രൈബ്യൂണലുകളിൽ കയറി ഇറങ്ങുന്ന ഭൂവുടമകളുടെ പ്രയാസം വിലയിരുത്തിയിട്ടുണ്ടോ; | (എ) വിലയിരുത്തിയിട്ടുണ്ട്. |
| (ബി) ഇക്കാര്യം പരിഹരിക്കുന്നതിന് സമയബന്ധിതമായ പദ്ധതിക്ക് രൂപം നൽകുമോ; | (ബി) ഭൂ ഉടമകളുടെ പ്രയാസം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 29 സ്പെഷ്യൽ ട്രൈബ്യൂണലുകൾ രൂപീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. |
| (സി) ട്രൈബ്യൂണലുകൾ, വില്ലേജുകളിൽ ക്യാമ്പ് സിറ്റിങ്ങ് നടത്തി കേസുകൾ തീർപ്പാക്കുന്നതിനുള്ള സംവിധാനം സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) ട്രൈബ്യൂണലുകൾ താലൂക്ക് തലത്തിൽ ക്യാമ്പ് സിറ്റിംഗ് നടത്താറുണ്ട്. സംസ്ഥാനത്തെ ലാന്റ് ട്രൈബ്യൂണലുകൾക്ക് ക്യാമ്പ് സിറ്റിംഗ് നടത്തി കേസുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

Sindhya
സെക്ഷൻ ഓഫീസർ